**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5264** **14-03-2023 - ൽ മറുപടിയ്ക്ക്**

**കൊല്ലം തുറമുഖത്ത് നിന്നും യാത്രാ കപ്പൽ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്ത് നിന്നും ഫലപ്രദമായി യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം - കന്യാകുമാരി സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ചില പരിശോധനകൾ നടത്തിയെങ്കിലും തമിഴ് നാട്ടിൽ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത തടസ്സമായിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ പരിശോധനകൾ നടത്തുന്നതാണ്. |
| (ബി) | കൊല്ലം തുറമുഖത്ത് നിന്നും ലക്ഷദ്വീപിലേയ്ക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ധാരണാപത്രം ഒപ്പ് വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. |
| (സി) | അന്താരാഷ്ട്ര കപ്പൽ ചാലിന് സമീപം സ്ഥിതിചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകൾക്ക് നങ്കൂരമിടാൻ ബങ്കറിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നിർദേശം പരിഗണനയിലുണ്ടോ; പ്രസ്തുത സംവിധാനം തുറമുഖ വികസനത്തിന് സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. കൊല്ലത്ത് ചില ടഗ്ഗുകൾ താത്കാലികമായി ബങ്കറിംഗ് സർവീസ് നടത്തുകയുണ്ടായി. കൊല്ലം തുറമുഖത്തെ ഒരു ഇമിഗ്രേഷൻ ചെക്ക് പോയിന്റായി ഡിക്ലയർ ചെയ്യുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. ഈ നടപടി പൂർത്തീകരിച്ചാൽ കൂടുതൽ ടഗ്ഗുകൾക്ക് ബങ്കറിംഗ് സർവ്വീസ് അടക്കമുള്ള നടപടികൾ നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ